പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1908 — 10.03.2020 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാരുടെ ക്ഷേമം

ചോദ്യം — മറുപടി

ശ്രീ.ഒ. ആർ. കേളു — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു<br>ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ " 2016 ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ, സിറ്റിംഗുകൾ, അദാലത്തുകൾ, ബോർഡുകളുടെയും സ്ലൈഡുകളുടെയും പ്രദർശനങ്ങൾ, ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ കലാമേളകൾ സാംസ്കാരിക പരിപാടികൾ കലാസൃഷ്ടികൾക്കുള്ള അവാർഡ് വിതരണം, ഗവേഷണവും വികസനവും, ലഘുലേഖകൾ, കൈപ്പുസ്തകം, ബ്രോഷർ എന്നിവയുടെ പ്രസിദ്ധീകരണം, പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പൊതുജന ബോധവൽക്കരണം" തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു |
| (ബി) വയനാട് ജില്ലയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) ഉത്തരം (എ) യിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളും വയനാട് ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി |

| | |
|---|---|
| | കോഴിക്കോട് ഇംഹാൻസ് മുഖേന Mobile Mental Health Care പ്രോജക്റ്റ് നടപ്പിലാക്കി വരുന്നു.<br>വയനാട് ജില്ലയിൽ 2016 ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് സുൽത്താൻ ബത്തേരിയിലെ അദ്ധ്യാപക ഭവനിൽ വച്ച് 23.7.2018 മുതൽ 27.7.2018 വരെ ജില്ലയിലെ വിവിധ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, മാധ്യമ പ്രവർത്തകർ, അഭിഭാഷകർ തുടങ്ങിയവർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.<br>വയനാട് ജില്ലയിൽ 'കാഴ്ച' പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതരായ 21 പേർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുകയും ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നേരിട്ടും മെഡിക്കൽ ക്യാമ്പ് നടത്തിയും സഹായ ഉപകരണങ്ങൾ നൽകുകയും, ഭിന്നശേഷിക്കാരായവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ടി എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതികൾ അനുവദിക്കുകയും, ദേശസാൽകൃത ബാങ്കിൽ നിന്ന് കോർപ്പറേഷന്റെ ശുപാർശ അനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 'ശുഭയാത്ര' പദ്ധതി പ്രകാരം മുച്ചക്ര സ്കൂട്ടറുകളും വയനാട് ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട് 'ഹസ്തദാനം' പദ്ധതി പ്രകാരം തീവ്ര ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ സ്ഥിര നിക്ഷേപം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയും എസ്.എസ്.എൽ.സി, +2 വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പ്രൊവിഷൻസി അവാർഡ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട് |

Jasmin Thomas

സെക്ഷൻ ഓഫീസർ

അനുബന്ധം I

## ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1. സ്വാശ്രയ പദ്ധതി- തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ പരിചരിക്കുന്ന മാതാവിന്/രക്ഷിതാവിന്(സ്ത്രീ ആയിരിക്കണം) സ്വയംതൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി.

2. വിദ്യാകിരണം-സാമ്പത്തിക പരാധീനത മൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ(രണ്ടുപേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

3. വിദ്യാജ്യോതി- ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയി ലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായുള്ള പദ്ധതി

4. തുല്യതാ പരീക്ഷ- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളും സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവരുമായവർക്ക് സാക്ഷരതാമിഷൻ വഴി നടപ്പാക്കുന്ന പത്താം ക്ലാസ്സ്/ പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള മുഴുവൻ ചെലവും നൽകുന്ന പദ്ധതി

5. വിജയാമൃതം പദ്ധതി- വൈകല്യത്തോട് പൊരുതി ഡിഗ്രി തലം മുതൽ ഉന്നത വിജയം നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥി കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി

6. സഹചാരി- പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/ പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്ന പദ്ധതി

7. പരിരക്ഷ- അപകടങ്ങൾ, ആക്രമണങ്ങൾ. പ്രകൃതിദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന ഭിന്നശേഷിക്കാർക്ക് അടിയന്തിര സഹായം നൽകുന്നതിനും ആശ്രയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഭിന്നശേഷിക്കാരെ ക്ഷേമ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുമായുള്ള പദ്ധതി

8. വിദൂരവിദ്യാഭ്യാസ സ്കോളർഷിപ്പ്- ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം/പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്

9. സഹായ ഉപകരണ വിതരണ പദ്ധതി - അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പ് വരുത്തി രാഷ്ട്രനിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങളായ Joy stick operated wheel chair, Smart phone with screen reader, Daisy player, Cerebral palsy wheel chair, Talking calculator എന്നിവ നൽകുന്നതിനും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനുമായുള്ള പദ്ധതി

Jasmin Thomas

അനുബന്ധം II

## ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

അംഗപരിമിത മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി **'അനുയാത്ര'** എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ (എസ്.ഐ.ഡി) നടപ്പാക്കി വരികയാണ്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. എം.എം.ആർ വാക്സിൻ വിതരണം- അംഗപരിമിതികൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി നൽകിവരുന്ന എം.എം.ആർ വാകിസിനുകളുടെ വിതരണം തുടർന്നുവരുന്നു.
2. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ -വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്
3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ -

   വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ജില്ലാ കേന്ദ്രങ്ങളിൽ എത്തി തെറാപ്പി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ബുദ്ധിമുട്ടുന്നവർക്ക വേണ്ടിയുള്ളതാണ് ഈ പദ്ധതി
5. കാതോരം -കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി സമഗ്ര ജീവചക്ര സമീപനമാണ് കാതോരം പദ്ധതിയിൽ സ്വീകരിച്ചിരിക്കുന്നത്.
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ - പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

7. <u>സ്പെഷ്യൽ അങ്കണവാടികൾ</u> - പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നു.

8. <u>മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)</u> -ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാതലത്തിൽ ഒരു മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

9. <u>അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്</u> - സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (UniqueID for Persons with Disabilities-UDID) നൽകുന്നതാണ്.

10. <u>ഹോർട്ടികൾച്ചർ തെറാപ്പി</u> - സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി വെള്ളായണി കാർഷിക സർവ്വകലാശാല വഴി നടപ്പാക്കി വരുന്നു.

11. <u>സ്പെക്ട്രം പദ്ധതി</u> - കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM).

Jasmin Thomas

അനുബന്ധം III

## ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

1. **കാഴ്ച പദ്ധതി: കാഴ്ച പരിമിതിയുള്ള 1000 പേർക്ക് സ്മാർട്ട് ഫോൺ** നല്കുന്നതിനായി 1.5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ക്യാമ്പുകൾ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി , അവർക്കാവശ്യമായ ട്രെയിനിംഗ് നല്കി, കാഴ്ചപരിമിതിയുള്ളവർക്ക് സ്വയം പര്യാപ്തതകൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, വയനാട്, ആലപ്പുഴ, പാലക്കാട്, പത്തനം തിട്ട, കണ്ണൂർ, എറണാകുളം, ജില്ലകളിൽ സ്മാർട്ട് ഫോണും ട്രെയിനിംഗും നൽകി. മറ്റ് ജില്ലകളിൽ വിതരണം നടന്നുവരുന്നു.

2. **എൻ.എച്ച്.എഫ്.ഡി.സി വായ്പ** പദ്ധതി പ്രകാരം 751 പേർക്ക് സ്വയംതൊഴിൽ/വിദ്യാഭ്യാസ/വാഹന വായ്പ 2730 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡി 127 പേർക്ക് അനുവദിക്കുകയുണ്ടായി. മരണപ്പെട്ട 43 ഗുണഭോക്താക്കളുടെ വായ്പ പൂർണ്ണമായി എഴുതി തള്ളുകയും കുടിശിക വരുത്തിയിട്ടുള്ള 72 ഗുണഭോക്താക്കളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശ തുകയിൽ ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കുകയും ചെയ്തു. ഇതിനാവശ്യമായ 1.84 കോടി രൂപ സർക്കാർ അനുവദിച്ചു.

3. **ദേശീയ അവാർഡ്** : 2018 ൽ കേന്ദ്ര സാമൂഹ്യനീതി വകുപ്പിന്റെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി അവാർഡ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷന് ലഭിച്ചിട്ടുണ്ട് 1979 ൽ കോർപറേഷൻ രൂപീകരിച്ചതിനു ശേഷം ആദ്യമായാണ് ഇങ്ങനെ ഒരു അവാർഡ് ലഭിക്കുന്നത്. കൂടാതെ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതിയുടെ ഹയർ ടേൺ ഓവറിനുള്ള ഇൻസന്റീവും കോർപ്പറേഷന് ലഭിക്കുകയുണ്ടായി.

4. ദേശസാത്കൃത ബാങ്കുകളിൽ നിന്ന് കോർപ്പറേഷന്റെ ശുപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷികാർക്ക് കോർപ്പറേഷൻ പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി നൽകി വരുന്നു. ഈ ഇനത്തിൽ 131.29 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി.

5. ഭിന്നശേഷിക്കാർക്കുള്ള സഹായസാമഗ്രികൾ, ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയിസ് എൻഹാൻസ്ഡ് സോഫ്റ്റ്‌വെയർ സംവിധാനമുള്ള ലാപ്ടോപ്പ് തുടങ്ങിയവ സൗജന്യമായി 8726 പേർക്ക് വിതരണം ചെയ്തു. 306.46 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

6. 'ശുഭയാത്ര' പദ്ധതിയുടെ ഭാഗമായി 6 കോടിയോളം രൂപ ചെലവഴിച്ച് **1006** മോട്ടോറൈസ്ഡ് ട്രൈ സ്കൂട്ടറുകൾ വിതരണം ചെയ്തു.

7. സ്വന്തമായി സൈഡ്‌വീൽ സ്കൂട്ടർ വാങ്ങിയ 37 പേർക്ക് സൈഡ്‌വീൽ ഘടിപ്പിക്കുന്നതിന് 10,000/- രൂപ വീതവും, 16 പേർക്ക് 15,000/- രൂപ വീതവും സബ്സിഡിയായി വിതരണം ചെയ്തു.

8. 2016 ൽ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 50 സ്വയം സഹായ സംഘങ്ങൾക്ക് 5000/- രൂപവീതം ധനസഹായം നൽകി. 2018-19 ൽ 10,000/- രൂപയായി ധനസഹായം വർദ്ധിപ്പിക്കുകയും, 6 സംഘങ്ങൾക്ക് ധന സഹായം നല്കുകയും ചെയ്തു. 2019-20 ൽ 20,000/- രൂപയായി ധനസഹായം വർദ്ധിപ്പിക്കുകയും, 19 സംഘങ്ങൾക്ക് ധന സഹായം നല്കുകയും ചെയ്തു.

9. 2015-16 മുതൽ മുടങ്ങികിടക്കുകയായിരുന്നു ലോട്ടറി സബ്സിഡി, 2018-19 കാലയളവിൽ പുനരാരംഭിച്ചു. 2018-19 ൽ അപേക്ഷിച്ച അർഹരായ 319 പേർക്ക് 5000/- രൂപ വീതം 15.95 ലക്ഷം രൂപ നല്കി. ഈ സാമ്പത്തിക വർഷം അർഹരായ 259 പേർക്കും ഒന്നാംഗഡു അനുവദിച്ചു.

10.

11. എസ്.എസ്.എൽ.സി, പ്ലസ് ടു വിജയികളാകുന്ന 'ബി' ഗ്രേഡോ അതിനു മുകളിലോ വിജയം നേടിയ വിദ്യാർത്ഥികൾക്ക് 2500 രൂപ വീതം പ്രൊഫിഷ്യൻസി അവാർഡ് 178 പേർക്ക് 4.45 ലക്ഷം രൂപ നല്കിയിരുന്നു. എന്നാൽ ഇത് 2018-19 മുതൽ 5000 രൂപയായി വർദ്ധിപ്പിച്ചു. മാത്രമല്ല ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് മാർക്ക് നിബന്ധന ഒഴിവാക്കി അവരെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തി. 300 പേർക്ക് 15 ലക്ഷം രൂപ 2018-19 ൽ നല്കി. ഈ സാമ്പത്തിക വർഷം 5000 രൂപ വീതം 300 പേർക്ക് 15 ലക്ഷം രൂപ നല്കി.

12.

13. 'ഹസ്തദാനം' പദ്ധതി പ്രകാരം തീവ്രവും, അതിതീവ്രവുമായ ഭിന്നശേഷിക്കാരായ 12 വയസിന് താഴെയുള്ള കുട്ടികളുടെ പേരിൽ നിലവിൽ 20,000 രൂപ വീതം 1051 പേർക്ക് സ്ഥിര നിക്ഷേപം ചെയ്തു. ഈ ഇനത്തിൽ 210.10 ലക്ഷം.രൂപ ചെലവഴിച്ചിട്ടുണ്ട്.

14.

15. പാറശാലയിൽ പ്രവർത്തിക്കുന്ന 40 പേരെ ഉൾക്കൊള്ളാനാകുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള 'സാഫല്യം' വൃദ്ധസദന പരിപാലനത്തിന് 36.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## പുതിയ പദ്ധതികൾ

1. **സഹായ ഉപകരണങ്ങളുടെ ഷോറും സജ്ജീകരണം**

ഭിന്നശേഷിക്കാരുടെ സഹായ ഉപകരണങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനും അളവെടുത്ത് നിർമ്മിക്കുന്നതിനും മറ്റുമായി വിപുലമായ സഹായ ഉപകരണ ഷോറും തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് പ്രവർത്തനങ്ങൾ തുടങ്ങി. 235.62 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ Kerala Electrical & Allied Engineering Co. Ltd. നെ Project Management Consultant ആയി നിയമിച്ചിട്ടുണ്ട്.

2. **സഹായ ഉപകരണ നിർമ്മാണ യൂണിറ്റിന്റെ ആധുനീകവത്ക്കരണം**

(i)2000 ൽ ആരംഭിച്ച MRST (Manufacturing, Repairing, Servicing & Training Centre) സെന്ററിന്റെ ആധുനീകവത്കരണത്തിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടു.

(ii)MRST യൂണിറ്റ് നവീകരണത്തിന് PMC യായി Kerala Electrical & Allied Engineering Co. Ltd. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. ഏറ്റവും പെട്ടെന്ന് സേവനം ലഭിക്കുന്നതിനായി അപേക്ഷകൾ എല്ലാം ഓൺലൈനായി മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

4. Website ഭിന്നശേഷി സൗഹൃദമാക്കിയുള്ള നവീകരണത്തിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്

Jasmin Thomas